പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2827 28-10-2026-ൽ മറുപടിയ്ക്ക്

മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. പി. എ. മുഹമ്മദ് റിയാസ്	ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ (മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന മത്സ്യം സംഭരിക്കുന്നതിനും മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുമായി ബേപ്പൂർ നിയോജകമണ്ഡലത്തിൽ കോൾഡ് സ്റ്റോറേജ്, ഫിഷ് പ്രോസസിങ് യൂണിറ്റ്, ആധുനിക മത്സ്യമാർക്കറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

മറുപടി: ബേപ്പൂർ നിയോജകമണ്ഡലത്തിൽ കോൾഡ് സ്റ്റോറേജ്, ഫിഷ് പ്രോസസിങ് യൂണിറ്റ്, ആധുനിക മത്സ്യമാർക്കറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിനായി നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

(ബി) കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി ബേപ്പൂർ കേന്ദ്രീകരിച്ച് കൂടുതൽ സുരക്ഷാ സൗകര്യങ്ങൾ ഒരുക്കുമോ; വ്യക്തമാക്കാമോ?

മറുപടി: കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ ബേപ്പൂർ, കൊയിലാണ്ടി എന്നീ മത്സ്യബന്ധന തുറമുഖങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന രണ്ട് റെസ്ക്യൂബോട്ടുകളെയും എട്ട് ലൈഫ് ഗാർഡ് മാരെയും സജ്ജമാക്കിയിട്ടുണ്ട്. ഇതു കൂടാതെ ഒരു മറൈൻ ആംബുലൻസ് സജ്ജമാക്കിയിട്ടുണ്ട്. പക്ഷേ ആയത് (കാരുണ്യ) അറ്റകുറ്റപണി കാരണം പ്രവർത്തന രഹിതമാണ്. ഒരു ഫൈബർ വള്ളവും ഇവിടെ പ്രവർത്തിച്ച് വരുന്നുണ്ട്. 19 ഹാർബർ ബെയ്സ്ഡ് റെസ്ക്യൂ സ്ക്വാഡുകളും നിലവിൽ പ്രവർത്തിക്കുന്നുണ്ട്. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി ബേപ്പൂർ കേന്ദ്രീകരിച്ച് വാടകക്കെടുത്ത ഒരു റെസ്ക്യൂ ബോട്ടും, റെസ്ക്യൂ പ്രവർത്തനങ്ങളിൽ പരിശീലനം ലഭിച്ച 4 ലൈഫ് ഗാർഡ് മാരും, 5 ഹാർബർ ബെയ്സ്ഡ് റെസ്ക്യൂ സ്ക്വാഡുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ യാനങ്ങളിൽ Tansponder കൾ ഘടിപ്പിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. കാലാവസ്ഥ മുന്നറിയിപ്പുകൾ മത്സ്യ തൊഴിലാളി കമ്മ്യൂണിറ്റി ഗ്രൂപ്പുകൾ വഴിയും, ബോട്ട്-ഓണേഴ്സ് അസോസിയേഷൻ വഴിയും നൽകി വരുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന വിഷയം പരിശോധിയ്ക്കുന്നതാണ്.

സെക്ഷൻ ഓഫീസർ